പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1237 — 30. 09. 2011 ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് ആഫീസർമാരുടെ അനധികൃത സ്ഥലം മാറ്റം
പുന:പരിശോധിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിൽ 2011 സെപ്റ്റംബർ മാസം നടന്ന എംപ്ലോയ്മെന്റ് ഓഫീസർമാരുടെ ട്രാൻസ്ഫറിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി എത്ര ട്രാൻസ്ഫർ നടത്തിയിട്ടുണ്ട്; നിശ്ചിത കാലാവധി തികയാത്ത എത്ര പേരെ ട്രാൻസ്ഫർ ചെയ്തു; കാരണം വിശദമാക്കാമോ; | (എ) മാനദണ്ഡങ്ങൾക്കു വിരുദ്ധമായി ട്രാൻസ്ഫർ ചെയ്തിട്ടില്ല. 09/2011-ൽ നടന്ന എംപ്ലോയ്മെന്റ് ഓഫീസർമാരുടെ സ്ഥലം മാറ്റം ഭരണ സൗകര്യാർത്ഥം ആയിരുന്നു. |
| (ബി) മലപ്പുറം ജില്ലയിലെ പട്ടികജാതിക്കാരായ ഉദ്യോഗസ്ഥരെ നിയമ വിരുദ്ധമായി സ്ഥലം മാറ്റിയതിനുള്ള കാരണമെന്താണ്; | (ബി) ഭരണ സൗകര്യാർത്ഥം |
| (സി) മലപ്പുറം ജില്ലയിലെ വികലാംഗനായ ഒരു ഉദ്യോഗസ്ഥന് അർഹത ഉണ്ടായിട്ടും അപേക്ഷ നൽകിയിരുന്ന സ്ഥലത്തേയ്ക്കു ട്രാൻസ്ഫർ നൽകാത്തതെന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) 18/02/2011-നാണ് ടിയാൻ മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് എംപ്ലോയ്മെന്റ് ഓഫീസറായി ഉദ്യോഗ കയറ്റം ലഭിച്ച് ജോലിയിൽ പ്രവേശിച്ചത്. ഒഴിവ് വരുന്ന മുറയ്ക്ക് പ്രത്യേക പരിഗണന കണക്കാക്കി ടിയാന് സ്ഥലം മാറ്റം നൽകുന്നതാണ്. |
| (ഡി) ഇത് സംബന്ധിച്ച് കോടതിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തായിരുന്നു; പ്രസ്തുത സാഹചര്യത്തിൽ ട്രാൻസ്ഫർ പുന:പരിശോധിക്കുമോ ? | (ഡി) ഉണ്ട്. കായംകുളം ടൗൺ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിലെ എംപ്ലോയ്മെന്റ് ഓഫീസർ ശ്രീ.എസ്.സെൽവനെ ട്രാൻസ്ഫർ ചെയ്യരുതെന്ന് ഇടക്കാല ഉത്തരവിലൂടെ ബഹു:കോടതി നിർദ്ദേശിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ C.P. ഷാജിയെ സെപ്റ്റംബർ 20-ാം തീയതി വരെ സ്ഥലം മാറ്റരുതെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. കോടതി നിർദ്ദേശമനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ